VI. റിപ്പോർട്ട് സമർപ്പണം

പട്ടികജാതി-പട്ടികവർഗ്ഗക്ഷേമ സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട്

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, പട്ടികജാതി-പട്ടികവർഗ്ഗക്ഷേമ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

VII. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

VIII. റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്താമത് റിപ്പോർട്ട്

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മുപ്പത്താമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്താമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

IX. ക്രമപ്രശ്നം

അവതരിപ്പിക്കപ്പെട്ട ബില്ലുകൾക്ക് പ്രയോറിറ്റി നൽകി പരിഗണനയ്ക്കെടുക്കണമെന്നതു സംബന്ധിച്ച്

ശ്രീ. ജോണി നെല്ലൂർ : സർ, സ്വകാര്യബിൽ ആകെ വരുന്നത് വെള്ളിയാഴ്ച മാത്രമാണ്. 10-ാം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിൽ ഞാൻ അവതരിപ്പിച്ച ഒരു സ്വകാര്യബില്ലുണ്ട്. ഒരു വാക്കു പറഞ്ഞതിനുശേഷം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കേൾക്കാനുള്ളത് കേട്ട് അത് ഡിസ്പോസ് ചെയ്യുകയോ പരിഗണനയ്ക്കെടുക്കുകയോ ചെയ്യേണ്ട ബില്ലാണ് കേരളത്തിലെ സിനിമാ രംഗത്ത് പ്രവർത്തിക്കുന്ന ആളുകൾക്ക് ക്ഷേമനിധി ഏർപ്പെടുത്തണമെന്നു പറഞ്ഞ ഒരു ബില്ലാണ്. 10-ാം നിയമസഭയുടെ ആരംഭത്തിൽ എടുത്ത ബില്ലുകൾക്കെങ്കിലും പ്രയോറിറ്റി കൊടുത്ത് അതെങ്കിലും പരിഗണനയ്ക്കെടുക്കാനുള്ള ഒരു അപേക്ഷ എനിക്കുണ്ട്.

മി. സ്പീക്കർ : നമ്മുടെ നടപടിക്രമമനുസരിച്ചാണ് ഇപ്പോൾ കാര്യങ്ങൾ നടക്കുന്നത്. അതിൽ ശ്രീ. ജോണി നെല്ലൂർ പറഞ്ഞതുപോലെ പരിഗണന നൽകുന്നത് നറുക്കെടുപ്പിലൂടെയാണ്. അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ എന്ന നിലയിൽ നറുക്കിട്ടു വരുന്നതും തുടർ ചർച്ചയ്ക്ക് നറുക്കിട്ടു വരുന്നതും എന്ന രൂപത്തിലാണ് ഇപ്പോൾ തുടർന്നു വരുന്നത്. തുടർ ചർച്ചയ്ക്ക് മുന്നെണ്ണമാണ് എടുക്കുന്നത്.

ശ്രീ. ടി.എം. ജേക്കബ് : സർ, എനിക്ക് ഒരു കാര്യം ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, ആദ്യത്തേത് നറുക്കെടുപ്പിൽ വരട്ടെ. കുഴപ്പമില്ല. കമ്മിറ്റിയുടെ റിപ്പോർട്ടാണല്ലോ ഇവിടെ പരിഗണിക്കുന്നത്. അവതരിപ്പിച്ചതിനകത്ത് നറുക്കെടുപ്പിന്റെ ആവശ്യമില്ല. കാരണം, ആദ്യം അവതരിപ്പിച്ചത് ഏത് കാല

LIBRARY ARCHIVES Kerala Legislative Assembly

ത്ത്, അതനുസരിച്ച് ഡിസ്പോസ് ചെയ്യുക. അത് നറുക്കെടുപ്പിലേയ്ക്കു വിട്ടാൽ വരുന്നത് എന്താണെന്നു വച്ചാൽ. പിന്നെ ഒരു കാലത്തും അവസാനിക്കുകയില്ല. നമ്മുടെ ഇപ്പോഴത്തെ നിയമസഭ അവസാനിച്ചാലും ഈ രൂപത്തിൽ പല ബില്ലുകളും ഇവിടെ കിടക്കും. നമുക്ക് വേറെ ഡേ സ്പെയർ ചെയ്യാനൊന്നും സാധിക്കുന്നില്ല. ആ ഒരു സാഹചര്യമുള്ളപ്പോൾ അങ്ങ് റൂളിംഗ് നൽകുമ്പോൾ, എനിക്ക് ഒരു റിക്വസ്റ്റുള്ളത് അവതരണാനുമതിക്കുള്ള ബില്ലുകളെ സംബന്ധിച്ച് നറുക്കിട്ട് എടുക്കട്ടെ. അവതരിപ്പിക്കുന്ന മുറയ്ക്കുള്ളത്, ആദ്യം അവതരിപ്പിച്ചത് ഏത് അത് ആദ്യം ഡിസ്പോസ് ചെയ്യുക. ചെറിയ ചെറിയ ബില്ലുകളൊക്കെ ഡിസ്പോസ് ചെയ്യുകയാണ് വേണ്ടത്. എത്ര ബില്ലുകളാണ് ഇവിടെ കിടക്കുന്നത്? ഞാൻ അവതരിപ്പിച്ച ഒരു ബില്ലുണ്ട്. ആ ബിൽ എന്താണെന്ന് ഇപ്പോൾ എനിക്കുതന്നെ ഓർമ്മയില്ല. ഈ അസംബ്ലിയിലെ ആദ്യ സെഷനിൽ കൊണ്ടുവന്നതാണ്. അതുപോലെ ഇഷ്ടംപോലെ ബില്ലുകൾ കിടപ്പുണ്ട്. അതിന് തീരുമാനം ഉണ്ടാക്കിയില്ലായെങ്കിൽ പിന്നെ സഭ മുന്നോട്ടു കൊണ്ടുപോകാൻ ബുദ്ധിമുട്ടു വരും.

ശ്രീ. കെ.സി. ജോസഫ് : നേരത്തെതന്നെ നമ്മുടെ ചട്ടങ്ങളിൽ മാറ്റംവരുത്തുന്ന കാര്യം നമ്മുടെ സഭയുടെ പരിഗണനയിലുണ്ടെന്ന് പറയുകയുണ്ടായി. ഇന്നിപ്പോൾ ബില്ലിന്റെ അവതരണവേളയിൽതന്നെ ഒബ്ജക്ട് ചെയ്ത് പോവുകയാണ് ചെയ്യുന്നത്. നേരത്തെതന്നെ സ്വകാര്യ മെമ്പർമാരുടെ കമ്മിറ്റി പഠിച്ചിട്ട് ഇതിന്റെ അവതരണ സ്റ്റേജിൽ ഒപ്പോസ് ചെയ്യാതെ ബില്ലുകളുടെ ചർച്ചക്ക് അവസരം ഉണ്ടാക്കാനുള്ള ഒരു നിർദ്ദേശം സമർപ്പിച്ചിരുന്നു. റൂൾസ് കമ്മിറ്റി ഇത് പരിഗണിച്ച് ഈ 10-ാം സഭയിൽ എങ്കിലും റൂൾസ് മാറ്റാൻ മുൻകൈയെടുക്കണം.

ശ്രീ. പാലോട് രവി : അവതരിപ്പിച്ച ബില്ലുകളിൽ ചർച്ചയ്ക്കുവേണ്ടി മാറ്റിവച്ചിരിക്കുന്നവയുണ്ട്. ബി.എ.സി. കൂടുമ്പോൾ ആ ബില്ലുകൾ പൂർത്തീകരിക്കുന്നതിന് പ്രത്യേക സമയം.....എത്രയോ വർഷങ്ങൾ-കൽപ്പാന്തകാലം കാത്തിരിക്കേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. അതുകൊണ്ട് പ്രത്യേകമായി ആ ബില്ലുകൾക്കുവേണ്ടി സമയം കണ്ടെത്തി ആ ബില്ലുകൾ തീർക്കുന്നതിന് അവസരം നൽകണം. അല്ലെങ്കിൽ അംഗങ്ങൾക്കുതന്നെ ആക്ഷേപമാണ്. ഇങ്ങനെ മാസങ്ങളോളം ധാരാളം വർഷങ്ങളോളം തന്നെ ബില്ലവതരിപ്പിച്ചിട്ട് കാത്തിരിക്കേണ്ടി വരുന്ന സാഹചര്യം ഉണ്ടാവുകയാണ്. ശ്രീ. കെ.സി. ജോസഫ് ചൂണ്ടിക്കാണിച്ചതുപോലെ കഴിഞ്ഞ നിയമസഭയിൽത്തന്നെ ഇങ്ങനെ ഒരു ശുപാർശ വന്നിട്ടുണ്ട്. ആദ്യം കയറി നോ എന്ന് പറയരുത്. ചർച്ചയുടെ അവസാനം വരുമ്പോൾ നോ എന്നു പറഞ്ഞാൽ മതി.

മി. സ്പീക്കർ : ഈ പറയുന്നത് പ്രായോഗികമായിട്ടുള്ള കാര്യംതന്നെയാണ്. ഫയൽ എന്റെ കൈയിലില്ല. 58-ഓളം ബില്ലുകൾ പത്താം കേരള നിയമസഭയിൽത്തന്നെ ഇതിനകം അവതരിപ്പിച്ചിട്ടുണ്ടെന്നാണ് എന്റെ ഓർമ്മ. അതൊക്കെ തുടർചർച്ചയ്ക്കു വരേണ്ടതാണ്. അതേസമയം പുതിയപുതിയ ബില്ലുകൾ വന്നുകൊണ്ടിരിക്കുന്നു. പുതിയ ബില്ലുകൾ നറുക്കെടുപ്പിലൂടെ സഭയിൽ കൊണ്ടുവരാം, അല്ലെങ്കിൽ റെസ്ട്രിക്ഷൻ വേണോ വേണ്ടയോ എന്ന് ആലോചിക്കാം. പക്ഷെ തുടർ ചർച്ചയ്ക്കു വരുന്നതിനെ സംബന്ധിച്ചുള്ള നടപടിക്രമം നിലവിലുള്ള രീതിയനുസരിച്ചാണ് തുടർന്നു പോകുന്നത്, അതിൽ എന്തെങ്കിലും.....ശ്രീ. ടി.എം. ജേക്കബ്, ശ്രീ. പാലോട് രവി, ശ്രീ. ജോണി നെല്ലൂർ ഒക്കെ പറഞ്ഞതുപോലെ ബന്ധപ്പെട്ട അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച കമ്മിറ്റി ആ രൂപത്തിൽ തുടരണോ, അല്ലെങ്കിൽ പ്രായോഗികമായിട്ട് മാറ്റം വരു

LIBRARY ARCHIVES Kerala Legislative Assembly

ത്തണോ, രീതിയിൽ മാറ്റം വരുത്തണോ എന്നുള്ള കാര്യം പഠിച്ച് സഭയിൽ റിപ്പോർട്ട് നൽകിയാൽ അത് പരിശോധിക്കാം.

ശ്രീ. കെ.സി. ജോസഫ് : ഞാൻ ചെയർമാനായിരുന്ന കമ്മിറ്റി ഇതുപഠിച്ച് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. വീണ്ടും കൊടുക്കേണ്ട ആവശ്യമില്ല.

മി. സ്പീക്കർ : അങ്ങയുടെ റിപ്പോർട്ടു ഒന്നുകൂടി ഈ കമ്മിറ്റി പഠിക്കട്ടെ. പ്രസന്റ് കമ്മിറ്റിയുണ്ടല്ലോ. അവരാണ് ആധികാരികമായി ഇപ്പോൾ പറയേണ്ടത്.

ശ്രീ. ടി.എം. ജേക്കബ് : സർ, ആദ്യനിയമസഭകളിലൊന്നും ഇത്രമാത്രം പ്രൈവറ്റ് മെമ്പേഴ്സ് ബില്ല് കൊണ്ടുവരാറില്ലായിരുന്നു. ഞാൻ അഞ്ചാം കേരള നിയമസഭയിലുണ്ടയിരുന്ന ആളാണ് എനിക്ക് നല്ല ഓർമ്മയുണ്ട്.

മി. സ്പീക്കർ : അത് ശരിയാണ്.

ശ്രീ. ടി.എം. ജേക്കബ് : ഇപ്പോൾ റെസലൂഷൻസിനേക്കാൾ കൂടുതലാണ് ബില്ലുകൾ. പ്രൈവറ്റ് മേമ്പേഴ്സിന് വിഷയമില്ലാതായിരിക്കുകയാണ്.

മി. സ്പീക്കർ : ബില്ലുകളുടെ ഒരു പ്രവാഹമാണിപ്പോൾ. പക്ഷെ ചെയർ അത് നിരുത്സാഹപ്പെടുത്തുന്നില്ല. വരട്ടെ, ബില്ലുകൾ വന്നോട്ടെ.

ശ്രീ. ജി. കാർത്തികേയൻ : ഇവിടെ ബഹുമാനപ്പെട്ട ടി.എം. ജേക്കബ് പറഞ്ഞ വിഷയത്തെക്കുറിച്ച് അങ്ങയുടെ റൂളിംഗ് വേണമെന്ന് പറയുന്നില്ല. ഏതുവിഷയത്തെക്കുറിച്ചും സ്വകാര്യബില്ല് കൊണ്ടുവരാമെന്നുള്ള സമീപനം തെറ്റാണ്. ഞാനിപ്പോൾ ആ വിഷയത്തിലേക്ക് കടക്കുന്നില്ല. പക്ഷെ അതിന് ഡയറക്ഷൻ വേണമെന്നാണ് എന്റെ വ്യക്തമായ അഭിപ്രായം.

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : ഈ പറഞ്ഞതൊക്കെക്കൂടി പരിഗണിച്ച് അടുത്ത സെക്ഷനിൽ ഇതിനെപ്പറ്റി സമഗ്രമായ ഒരു റിപ്പോർട്ട് തരാം.

മി. സ്പീക്കർ : ശരി. അപ്പോൾ നമുക്ക് ബില്ലുകളുടെ അവതരണാനുമതിക്കുള്ള കാര്യം ആദ്യമെടുക്കാം. അതിന് 5 മിനിറ്റ് ആണ് ആദ്യം അനുവദിച്ചിട്ടുള്ളത്. തുടർചർച്ചയ്ക്കു മൂന്നു ബില്ലുകൾ വരുന്നുണ്ട്.

X. അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(1) 1999-ലെ കേരള മിശ്രവിവാഹ പ്രോത്സാഹന ബിൽ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : 1999-ലെ കേരള മിശ്രവിവാഹ പ്രോത്സാഹന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.†

ശ്രീ. ബാബു ദിവാകരൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : ഇതുസംബന്ധിച്ച് നിരവധി നിയമങ്ങൾ ഇന്നുതന്നെ നിലവിലുണ്ട്. ഇവർക്ക് ആനുകൂല്യങ്ങൾ കൊടുക്കുന്നതിനും മിശ്രവിവാഹിതർക്ക് പ്രത്യേകസഹായങ്ങൾ കൊടുക്കുന്നതിനുമൊക്കെ നിയമമുണ്ട്. അതുകൊണ്ട് ഈ ബില്ലിന്റെ ആവശ്യം ഉദിക്കുന്നില്ല.

---

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly